## CUT MOTION No. 1

### Need for organizing Co-operative Sale Societies

**Mr. E. Ikkanda Warriar** *(Cheruthuruthi): To reduce the allotment of Rs. 12,415 establishment by Re. 1. (The necessity of expanding the co-operative movement by organizing co-operative sale societies, etc., particularly to meet the present situation created by the war).* I move to reduce the allotment of Rs. 12,415 establishment by Re. 1. My object in tabling this motion is to bring to the notice of the Government the necessity of expanding the co-operative movement by organising co-operative sale societies, etc., particularly to meet the present situation created by the war.

Sir, during the discussion on the distribution of rice and other essential articles among the public in these times of stress, various members of this House suggested to the Government the desirability of having co-operative societies and asking them to undertake distribution. Sir, I do not think it would be necessary on my part to discuss the various advantages of forming such co-operative societies. I wish only to point out to the Government that this is the opportune moment at which they can do something. Out of the 325 co-operative societies registered in the Cochin State, I find only 18 are consumers' societies as they are called for the purchase and sale. To any observer it would be evident that it is proportionately very small and why it is so I can suggest the main reason. It is this. Probably they could not stand the competition from others engaged in that business. For instance, if they open a grocery shop, the neighbours who have practically vested interests, compete with these people and these people do not find it profitable and the public also do not really appreciate the advantages of co-operative societies and the advantages of eliminating middlemen and having the whole profits themselves. This they do not understand either. That is not the case now. Now, we find that some of the articles particularly rice, paddy, kerosene and sugar and such other articles are practically in the hands of monopolists. They exploit the situation and make good profits and there are other middlemen also making profits. Now, the public also are aware of that. If the co-operative societies now step in and take over the business, there would be less competition and the Government also can help them. Government will be doing two things—enabling the co-operative societies to stand upon their own legs so that they may be able to stand the competition even after the period of stress and strife of this war is over. The Government also will be helping themselves by being able to distribute these essentials of life with the least possible complaint. Government can finance them and get this work done through non-officials, by financing them and helping them to purcase in large quantities and distribute. I do not want to press any other matter except this central point that this is an opportune moment to take up the expansion of the movement particularly in this direction by forming consumer societies as they are called by that department. I press this motion for the serious consideration of this House.

*മിസ്റ്റർ ടി. കെ. നായർ: സർ, ഈ ഉപക്ഷേപത്തിൽ അടങ്ങിയ സംഗതി അത്യാവശ്യമായിട്ടുള്ളതാണെന്നു് ഗവമ്മെണ്ടിനു് ബോദ്ധ്യം വന്നിട്ടുണ്ടു്. പക്ഷെ, ഈ മാതിരി സൊസൈറ്റികൾ ഉണ്ടാക്കുകയല്ല, ഗവമ്മെണ്ടിന്റെ പതിവു്. സൊസൈറ്റികൾ രജിസ്റ്റു ചെയ്യുന്നതിനൊ, ഈമാതിരിയുള്ള വ്യാപാരങ്ങൾ നടത്തുന്നതിനൊ ഒന്നും നിയമതടസ്ഥമില്ല. ആക്ടാണു് എങ്ങിനെയാണു് ഇതു തുടങ്ങുവാൻ ആവശ്യമെന്നുണ്ടെങ്കിൽ അവർ ഒരു സൊസൈറ്റി രജിസ്റ്റു ചെയ്യട്ടെ. ഗവമ്മെണ്ടിന്റെ വല്ല സഹായവും ആവശ്യപ്പെട്ടന്ന അവസരത്തിൽമാത്രമെ ഗവമ്മെണ്ടു് അതു് കൊടുക്കേണ്ട ആവശ്യമുള്ളു. ഇതിൽ ഗവമ്മെണ്ടു് പ്രവൃത്തിക്കേണ്ടതു് എന്താണെന്നുള്ള സംഗതി വിശദമായിട്ട മനസ്സിലാകുന്നില്ല. ഇപ്പോൾ ഇവിടെ ഏതാണ്ടു് അഞ്ഞൂറോളം സൊസൈറ്റികൾ രജിസ്റ്റു ചെയ്യുകഴിഞ്ഞിട്ടുണ്ടു്. ഈമാതിരി സൊസൈറ്റികൾ തുടങ്ങുന്നതിനു് വിരോധമില്ലെന്നു് ഇതിന്റെ അവതാരകൻതന്നെ പറയുകയുണ്ടായി. പത്തൊ, പതിനെട്ടൊ സൊസൈറ്റികൾ ഇതുപോലെയുണ്ടെന്നും പറഞ്ഞു. എന്നാൽ നാട്ടുകാരുടെയിടയിൽ ഇതിനു് വേണ്ടത്തക്ക പ്രചരണവേലകൾ നടത്തി സ്ഥാപിക്കണമെന്നാണു് ആവശ്യപ്പെട്ടന്നതെങ്കിൽ, അങ്ങിനെ ചെയ്യുന്നതു് അത്രത്തോളം വിജയകരമാകുമൊ എന്നു് സംശയമാണു്. ഇതു് നാട്ടുകാരിൽനിന്നു് വരേണ്ടതായ ഒരേർപ്പാടാണു്. അങ്ങിനെ നാട്ടുകാരിൽനിന്നു് ഉത്സാഹമുള്ള ആളുകൾ കൂടി ഇതു് ഓർഗനൈസ്സുചെയ്തുകഴിഞ്ഞാൽ, ഗവമ്മെണ്ടു് ധനസംബന്ധമായൊ, മറ്റൊ വേണ്ടസഹായം ആവശ്യപ്പെട്ടാൽ ചെയ്യാമെന്നല്ലാതെ, ഇങ്ങിനെ എല്ലാ വില്ലേജുകളിലും പോയിട്ടു് ഓരോ സെയിൽസ്സൊസൈറ്റി ഉണ്ടാക്കുകയെന്നുവെച്ചാൽ ഓരോ സൊസൈറ്റികൾക്കും അതോടൊപ്പം ലിക്വി

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ഡോറ ചെയ്യുവാൻ ആളുകളെ വെക്കേണ്ടതായിട്ടുവരും. അല്ലാതെ ഇതിന്റെ ചുമതലയെടുക്കുവാൻ ഗവമ്മെണ്ടിനു മടിയുണ്ടായിട്ടല്ല; ഇനിമേലിലും ഉണ്ടാവുകയുമില്ല. അതിനുവേണ്ടതായ സഹായവും, പ്രോത്സാഹനവും ചെയ്യുന്നതാണു്. ഇത്രയുമല്ലാതെ ഈ വിഷയത്തിൽ ഗവമ്മെണ്ടു് എന്താണു ചെയ്യേണ്ടതെന്നു് ഒന്നുകൂടി വിശദമാക്കിതന്നാൽ തരക്കേടില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അരി ഏല്പിച്ചുകൊടുത്താൽ തരക്കേടില്ല.

മിസ്റ്റർ ടി. കെ. നായർ: അങ്ങിനെ ഒരു സൊസൈറ്റി ഫോം ചെയ്യുകയാണെങ്കിൽ വേണ്ടതു പ്രവൃത്തിക്കേണ്ട ആവശ്യമുണ്ടു്.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: ഗവമ്മെണ്ടു് ചെയ്യുന്ന സഹായത്തിന്റെ ഒരു ഫോറം കൊടുക്കാമെന്നുണ്ടെങ്കിൽ സൊസൈറ്റി ഫോം ചെയ്യുവാനായിട്ടു ഇനിഷ്യേറ്റീവു് എടുക്കുവാൻ ആളുണ്ടാകും.

മിസ്റ്റർ ടി. കെ. നായർ: ഈമാതിരി സൊസൈറ്റികൾ വാർ സിറ്റവേഷനായതുകൊണ്ടു വേണമെന്നാണു പറഞ്ഞിട്ടുള്ളതു്.

**Mr. E. Ikkanda Warriar** *(Cheruthuruthi):* This is an opportune time to form societies to exist not during the period of war alone. My object is only to ask the Government, as they are doing in many other matters to induce the public, to do propaganda on behalf of this movement, go to places where there are not these societies, places where there are educated people who would take up these societies, places where there are complaints that the prices are going up. In such cases ask the co-operative societies to find out those places, tell them the advantages of forming co-operative societies and the help that the Government will be able to render to them in case they function effectively and then give them also such help as to enable them to stand upon their own legs in the course of a few years. For instance, if I am asked to give you an analogy, I can say everybody during this war and particularly when we are threatened with war, wants to defend himself. Why does the Government have a National War Front movement to go about carrying on the propaganda asking them to defend themselves ? Why ? Do they not know it ? It is time for the Government to take it as their duty to make the people co-operate and help themselves to form co-operative societies. That is the object I want to achieve.

മിസ്റ്റർ ടി. കെ. നായർ: ഇന്നത്തെ യുദ്ധത്തിന്റെ പരിതഃസ്ഥിതിയിൽ ജനങ്ങൾക്കു ക്ഷേണപദാർത്ഥങ്ങൾ കിട്ടുവാൻ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൊണ്ടു് ഈ ഉപക്ഷേപത്തിൽ അടങ്ങിയ സംഗതികൾക്കു് ഒരു പ്രോത്സാഹനം കിട്ടുന്നതിനേക്കാമെന്നല്ലാതെ, ഇന്നു് ഒരു സൊസൈറ്റി ഉണ്ടാക്കീട്ടു് ഇന്നത്തെ ഈ ദുർഘടഘട്ടം തരണംചെയ്യുവാൻ സാധിക്കുമെന്നുള്ള വിശ്വാസം എനിക്കില്ല.

**Mr. E. Ikkanda Warriar** *(Cheruthuruthi):* That is not the main object. They are necessary for all time and this is the time for it.

മിസ്റ്റർ ടി. കെ. നായർ: ഉദ്ദേശം വളരെ നല്ലതാണു്. അതു് എല്ലാ ദിക്കിലും നടപ്പിൽ വരുത്തേണ്ടതാണു്. അതിനു് ഇവിടെ പറഞ്ഞമാതിരി ഡിപ്പാർട്ടുമെണ്ടിന്റെ പൂർണ്ണസമ്മതം വേണമെന്നുണ്ടെങ്കിൽ അതു് ഡിപ്പാർട്ടുമെണ്ടുവഴി ആവുന്നത്ര ചെയ്യിക്കാമെന്നു് ഒരു ഉറപ്പു തരാം. ഈ വക വിഷയത്തിൽ ഗവമ്മെണ്ടിനെ ചുമതലപ്പെടുത്തുന്നതിലും കുറേക്കൂടി നന്നായിരിക്കും എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ വാര്യരെപ്പോലെയുള്ള ആളുകൾ നേരിട്ടു ഇറങ്ങി പ്രവൃത്തിക്കുന്നതു്.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: എന്തുചെയ്യാം. എനിക്കു വേറെ ജോലിയുണ്ടല്ലൊ.

മിസ്റ്റർ ടി. കെ. നായർ: അനുഭവമുള്ള കാര്യങ്ങളെപ്പറ്റി അറിഞ്ഞിട്ടുപോലും വെറുതെ ഉദ്യോഗസ്ഥന്മാരെ കുറ്റപ്പെടുത്തീട്ടു കാര്യമില്ല.

**Mr. K. R. Viswambharan** *(Ezhuvas-Talappalli):* The Hon'ble Minister was referring to the Devadhar Committee report in his budget speech and also to forming another committee to go into this question in detail with reference to local conditions. Will not the constitution of that committee do any help in the matter which the Hon'ble Member referred to here ?

**Mr. E. Ikkanda Warriar** *(Cheruthuruthi):* This has to be done immediately.

മിസ്റ്റർ ടി. കെ. നായർ: എന്റെ ബഡ്ജറ്റ പ്രസംഗത്തിൽ പറഞ്ഞ കമ്മിറ്റിയും ഇതുമായിട്ടു് യാതൊരു ബന്ധവുമില്ല. ഈ സെയിൽസ്സു് സൊസൈറ്റി തീർച്ചയാക്കുവാൻ ഒരു കമ്മറ്റി ആവശ്യമില്ല. ഈ സൊസൈറ്റി ഓരോ വില്ലേജുകളിലും സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ടെങ്കിൽ ബാക്കിയുള്ള സമയങ്ങളിൽ അതായതു് യുദ്ധമില്ലാത്ത സമയങ്ങളിലും, ഇതുകൊണ്ടു് വളരെ ഉപകാരപ്പെടും. നമ്മുടെ സ്റ്റോറിൽ നന്നായിട്ടു നടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സൊസൈറ്റികൾ രണ്ടോ, മൂന്നോമാത്രമെയുള്ളുവെന്നാണ് തോന്നുന്നത്. ബ്രിട്ടീഷിൽ കോയമ്പത്തൂർ, സേലം മുതലായ സ്ഥലങ്ങളിൽ ലക്ഷോപലക്ഷം രൂപ ഇറക്കി കോ-ഓപ്പറേറ്റീവ് സൊസൈറ്റി നടത്തുന്നുണ്ട്. എനിക്ക് അതെല്ലാം കാണുമ്പോൾ വളരെ അത്ഭുതം തോന്നുന്നുണ്ട്.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഇൻഡസ്ട്രീസ് സൊസൈറ്റികളുമുണ്ട്.

മിസ്റ്റർ ടി. കെ. നായർ: ഡിപ്പാർട്ട്മെണ്ടിനെ കൊണ്ട് ചെയ്യിക്കേണ്ടതൊക്കെ ചെയ്യിക്കാം. അനുദ്യോഗസ്ഥമെമ്പർമാർ ഇതിനു വേണ്ടുന്ന സഹായം ചെയ്യുതരികയാണെങ്കിൽ ഈ ഫ്രഫ്രവ്-ൽ തന്നെ ഒരു മാതൃകയായിട്ട് അഞ്ചാറു സൊസൈറ്റീസ് എങ്കിലും തുടങ്ങുവാൻ സാധിക്കും.

മിസ്റ്റർ ഇബ്രാൽ ഹാജി ഇസ്സാഷേട്ട: ഈ ഡിപ്പാർട്ട്മെണ്ടിന്റെ സഹായം എന്നു പറഞ്ഞത് ഏതു വിധത്തിലുള്ളതാണ്.

മിസ്റ്റർ ടി. കെ. നായർ: ആദ്യമായി അതു റജിസ്റ്റർ ചെയ്യുക. അങ്ങിനെ റജിസ്റ്റർ ചെയ്യുവാൻ ഡിപ്പാർട്ടുമെണ്ടലായിട്ട് യാതൊരു കഷ്ടപ്പാടുമില്ല. അതുതന്നെ ഒരു സഹായമല്ലേ? പിന്നെ ഗവമ്മെണ്ടിൽനിന്ന് പണം ആവശ്യമുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം. ഇങ്ങിനെയൊക്കെയുള്ള സഹായമല്ലാതെ പിന്നെ എന്താണ് ചെയ്യുവാൻ സാധിക്കുക?

**Mr. E. Ikkanda Warriar** *(Cheruthuruthi):* I do not wish to press this motion.

*Motion, by leave, withdrawn*

*The demand of Rs. 25,480 under "4. Co-operative Societies" was put and carried*

## 8. Matches Rs. 2,403

**Mr. M. Raman Menon** *(Commissioner of Excise):* I rise to move for an allotment of Rs. 2,403 under "8. Matches".

*Demand put and carried*

## 7. Excise Rs. 1,37,831

**Mr. M. Raman Menon** *(Commissioner of Excise):* I rise to move for an allotment of Rs. 1,37,831 under "7. Excise".

## CUT MOTION No. 1

### For auctioning out neighbouring toddy shops to different contractors

മിസ്റ്റർ കെ. എസ്സ്. പണിക്കർ: *To reduce the allotment of Rs. 14,053 for Commissioner's office Establishment by Re. 1.* (ഒരു താലൂക്കിൽ ഒന്നിനോടു ഒന്നു അടുത്തുകിടക്കുന്ന കള്ളുഷാപ്പുകളും കൂട്ടമായി ഒരാൾക്ക് ലേലത്തിൽകൊടുക്കുന്ന സമ്പ്രദായം തീരെ അനാശാസ്യകരമാണെന്ന് ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ) സർ, ഈ ഷാപ്പുകളും ഓരോന്നായി ലേലംവിളിക്കുന്നതുകൊണ്ട് ഗവമ്മെണ്ടിന്നു വളരെ ആദായമുണ്ടെന്നതുതന്നെയല്ല; ജനങ്ങൾക്കു വളരെ രക്ഷയുമുണ്ട്. എന്നാൽ മദ്യത്തിൽ വിറ്റാമിൻ "A" മുതൽ "Z" വരെ ഉണ്ടെന്നാണ് പറയുന്നത്. അതു ശരീരത്തിന്നു ആരോഗ്യത്തെ ഉണ്ടാക്കുവാൻ ഏറ്റവും ആവശ്യമായിട്ടുള്ള ഒന്നാണ്. എന്നതുതന്നെയല്ല, മനസ്സിന്നു് ഉന്മേഷമുണ്ടാക്കും, ക്ഷീണിച്ചവരെ ഉത്സാഹമുള്ളവരാക്കും, ബുദ്ധിക്കു് കൂർമ്മതയുണ്ടാക്കും, എന്നുവേണ്ട ഒരു സർവ്വരോഗസംഹാരിയും കൂടിയാണ് മദ്യം. "മദ്യം" എന്നുവെച്ചാൽ "കള്ള്" എന്നാണ് ഞാൻ വിവക്ഷിക്കുന്നതെന്ന് പ്രത്യേകം ഓർമ്മിക്കണം. ഇതു് ലഹരി ഉണ്ടാകാത്തവിധത്തിൽ കഴിക്കണമെന്നു് മാത്രമേയുള്ളു. ലഹരി ഉണ്ടാകുന്നിടത്തോളം ഇതു് കഴിക്കരുതു്. ഇത് ആരോഗ്യത്തിന്നു് വളരെ വിശേഷപ്പെട്ടതാണെന്നു് ഞാൻ പറഞ്ഞുകഴിഞ്ഞു. എന്നാൽ ഇതു് കള്ളുഷാപ്പുകളിൽ വിതരണം ചെയ്യുന്നതു് ആരോഗ്യത്തെ ഹനിക്കുന്നവിധത്തിലാണെന്നു് പറയാതെ നിവൃത്തിയില്ല. അതായതു് ഏതെങ്കിലും ഒരു ഷാപ്പിൽ കള്ളു മോശമാണെങ്കിൽ അടുത്ത ഷാപ്പിൽ പോയാൽ നല്ലകള്ളുകിട്ടുമെന്നു വിചാരിച്ചു ആളുകൾ അങ്ങോട്ടുചെല്ലും. എന്നാൽ അടുത്ത ഷാപ്പും ലേലത്തിൽവിളിച്ചിരിക്കുന്നതു ഒരാൾതന്നെ ആയതുകൊണ്ട് കള്ളിൽ വെള്ളം ചേർത്തു വില്ക്കുന്നസമ്പ്രദായം വന്നാൽ അതുകൊണ്ടു ഗുണമുണ്ടാകുന്നതിനുപകരം വളരെ ദോഷമാണു് ഉണ്ടാവുക. ചക്കരക്കള്ളിനോടുകൂടി പുളിച്ച കള്ളുചേർത്തുകഴിച്ചാൽ അതു ആരോഗ്യത്തെ നശിപ്പിക്കുന്നതാണ്. തന്മൂലം ഡിസൻട്രി മുതലായ സുഖക്കേടുകളുണ്ടാകുമെന്നാ

LIBRARY ARCHIVES Kerala Legislative Assembly